**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 196** **14-07-2016-ൽ മറുപടിയ്ക്ക്**

**രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന.**

ചോദ്യം

ശ്രീ. അനിൽ അക്കര :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. കെ. മുരളീധരൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ഉത്തരം
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
| --- | --- |
| (എ) സംസ്ഥാനത്ത് രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ യോജന നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ഉണ്ട്. കേരളത്തിൽ ഈ പദ്ധതി പ്രകാരം 2007-2015 കാലയളവിൽ 14 ജില്ലകളിലായി 1,25,405 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിച്ചു. ഇതിൽ 1,13,420 ഭവനങ്ങൾ ബി.പി.എൽ ഭവനങ്ങളാണ്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിച്ചത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (ബി) എല്ലാ ഗ്രാമീണ ഭവനങ്ങളും വൈദ്യുതീകരിക്കുക എന്നതായിരുന്നു ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം. ഈ പദ്ധതി പ്രകാരം 14 ജില്ലകളിലായി 79418 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. എന്നാൽ 1,25,405 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കാൻ സാധിച്ചു. |
| (സി) പദ്ധതി നടത്തിപ്പുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ഊർജ്ജ രംഗത്ത് കൈവരിച്ചത് ; വിശദീകരിക്കാമോ ? | (സി) ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ 1135 വില്ലേജുകളിലായി 1831 ട്രാൻസ്ഫോർമറുകൾ, (25 കെ.വി.എ) സ്ഥാപിച്ചു. 1841 കി. മീറ്റർ 11 കെ.വി ലൈനും 3831 എൽ.റ്റി ലൈനും നിർമ്മിച്ചിട്ടുണ്ട്. ആകെ 1,25,405 ഗ്രാമീണ ഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിന് സാധിച്ചു. ഇതിൽ 1,13,420 ബി.പി.എൽ വീട്ടുകൾക്ക് സൗജന്യമായി വൈദ്യുതി കണക്ഷൻ നൽകി. ഈ പദ്ധതിപ്രകാരം ഒരു പുതിയ 66 കെ.വി സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനും നിലവിലുള്ള 5 സബ്സ്റ്റേഷനുകളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് കപ്പാസിറ്റി വർദ്ധിപ്പിക്കുന്നതിനും സാധിച്ചു. |

Hemalatha

**സെക്ഷൻ ഓഫീസർ.**